# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 737 15.7.2014-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, പി. തിലോത്തമൻ<br>,, കെ. രാജു | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ വനം വകുപ്പ് സംഘടിപ്പിക്കാറുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതിനായി എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | എ) വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ വനം വകുപ്പിലെ ടെറിട്ടോറിയൽ വന്യജീവി, സാമൂഹ്യവനവൽക്കരണ വിഭാഗങ്ങൾ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വനം വകുപ്പിലെ എല്ലാ വിഭാഗങ്ങളിലുമായി ആകെ 2574 പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) ഇത്തരം ക്യാമ്പുകളിൽ ഏതെല്ലാം വിഷയങ്ങളാണ് വിദ്യാർത്ഥികളെ പഠിപ്പിക്കാനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) വൃക്ഷവൽക്കരണം, വന്യജീവി പരിപാലനത്തിന്റെ പ്രസക്തി, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ കാലിക പ്രാധാന്യം, ഔഷധ സസ്യങ്ങളുടെ വിവരണം, ആവാസവ്യവസ്ഥാ പരിപാലനം, പങ്കാളിത്ത വനപരിപാലനം, പക്ഷി നിരീക്ഷണം, വിവിധയിനം പക്ഷികളെ തിരിച്ചറിയൽ, മലിനീകരണ നിയന്ത്രണം, മണ്ണ് - ജലസംരക്ഷണ പ്രവർത്തനം, ജലലഭ്യത ഉറപ്പാക്കുന്നതിൽ പശ്ചിമഘട്ടത്തിലെ വനങ്ങളുടെ പങ്ക്, തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും പ്രാധാന്യം, ലോകം |

നേരിടുന്ന പ്രധാന പാരിസ്ഥിതിക വിഷയങ്ങൾ, പ്രകൃതി സംരക്ഷണത്തിന്റെ ചരിത്രം; പരിണാമം, ഇപ്പോഴത്തെ അവസ്ഥ, തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നതിനോടൊപ്പം, ഈ കാലഘട്ടത്തിലെ പ്രധാന പ്രശ്നങ്ങളായ ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയെപ്പറ്റിയും അവയുടെ ദൂഷ്യഫലങ്ങൾ ചെറുക്കുന്നതിനെപ്പറ്റിയും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാനും ശ്രമിക്കുന്നു ണ്ട്.

| | |
|---|---|
| സി) ഇത്തരം ബോധവൽക്കരണ പരിപാടികൾ ഫലവത്താകാതെ പോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | ഇത്തരം ബോധവൽക്കരണ പരിപാടികൾ ഫലവത്താകാതെ പോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രകൃതി പഠന ക്യാമ്പുകൾക്കായി സ്കൂൾ കോളേജ് തലങ്ങളിൽ നിന്നും, മറ്റു സംഘടനകളിൽ നിന്നും, വ്യക്തിസമൂഹങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം കൊണ്ടുതന്നെ പ്രകൃതിപഠന ക്യാമ്പുകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുള്ളതാണ്. ഇതുകൂടാതെ ടി ക്യാമ്പുകൾ ഫലപ്രദമാണെന്ന് ആയവയിൽ പങ്കെടുത്തവരിൽ നിന്നും ലഭ്യമായിട്ടുള്ള ഫീഡ് ബാക്കുകളിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ